വരുന്നു. ഇതുകൂടാതെ 515 കിലോമീറ്റർ പഴയ 11 കെ.വി. ഓവർ ഹെഡ് ലൈൻ മാറ്റി പുതിയ 11 കെ.വി. XLPE ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നാളിതുവരെ 158 കിലോമീറ്റർ പുതിയ 11 കെ.വി. XLPE ഭൂഗർഭ കേബിളും 4 കിലോമീറ്റർ പഴയ 11 കെ.വി. ഓവർഹെഡ് ലൈൻ മാറ്റി പുതിയ 11 കെ.വി. ഭൂഗർഭ കേബിളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഭൂഗർഭ കേബിളുകളുടെ ഉപയോഗംകൊണ്ട് പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. കേബിളിൽ കപ്പാസിറ്റൻസ് ഉള്ളതിനാൽ സബ്സ്റ്റേഷനിൽനിന്നും വിതരണം ചെയ്യുന്ന വോൾട്ടേജിൽ കുറവ് വരുന്നില്ല. ഇതു കാരണം ഉപഭോക്താവിന് ഗുണമേന്മയുള്ള വൈദ്യുതി ലഭിക്കുന്നതാണ്. 11 കെ.വി. ഓവർഹെഡ് ലൈനിനെ അപേക്ഷിച്ച് ഭൂഗർഭ കേബിളിന് വൈദ്യുതി പ്രതിരോധശേഷി കുറവായതിനാൽ വൈദ്യുതി നഷ്ടം കുറയ്ക്കാൻ ഒരു പരിധിവരെ സാധിക്കും. കേബിളുകൾ ഭൂമിക്കടിയിലൂടെ വലിക്കുന്നതിനാൽ മരച്ചില്ലകൾ തട്ടിയുള്ള ഊർജ്ജ നഷ്ടവും ഒഴിവാക്കാനാകും.

കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

21 (*51) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ ധനസഹായപദ്ധതിയിൽ കൂടുതൽ മാരക രോഗങ്ങൾ കൂടി ഉൾപ്പെടുത്തുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ചില രോഗങ്ങൾക്ക് ഭീമമായ തുക ചികിത്സയ്ക്ക് ആവശ്യമായി വരുന്നതിനാൽ ഈ പദ്ധതിയിൽ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ,

LIBRARY ARCHIVES Kerala Legislative Assembly

ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് നിലവിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും സഹായം നൽകിവരുന്നത്. കരൾ/ ഹൃദയം/ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും നിലവിൽ ധനസഹായം നൽകിവരുന്നു.

കാരുണ്യ പദ്ധതിയുടെ പാക്കേജ് പരിഷ്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 5-11-2014-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ അസുഖങ്ങൾ പാക്കേജിൽ ഉൾപ്പെടുത്തുന്ന കാര്യവും ഈ കമ്മിറ്റി പരിശോധിക്കുന്നതാണ്.

(ബി) ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയുള്ള ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചു കഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപകൂടി കാരുണ്യ ഫണ്ടിൽനിന്നും ചികിത്സാ സഹായമായി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അവയവ ദാതാവിനുള്ള ചികിത്സക്കായി ഒരു ലക്ഷം രൂപ കൂടി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്.

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം ഉപയോഗിച്ചാണ് കാരുണ്യ പദ്ധതിക്ക് തുടക്കമിട്ടത്. എന്നാൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനെത്തുടർന്ന് സംസ്ഥാന സർക്കാർ നടത്തിവന്നിരുന്ന ഒരു പ്രതിവാര ലോട്ടറി കൂടി 'കാരുണ്യ പ്ലസ്' എന്ന് പുനർനാമകരണം ചെയ്ത് അതിൽനിന്നുള്ള അറ്റാദായംകൂടി ' പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗിച്ചുവരുന്നു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത ലോട്ടറികളിൽ നിന്നുള്ള വരുമാനത്തേക്കാൾ ചികിത്സാ ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഊർജ്ജ സംരക്ഷണ പ്രചാരണം

22 (*52) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. ഊർജ്ജ സംരക്ഷണ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പ്രചാരണത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഊർജ്ജ സംരക്ഷണത്തിന് എല്ലാ ഉപഭോക്താക്കളേയും ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ

(ഡി) പദ്ധതി നടത്തിപ്പുകൾക്കായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ-സി) കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചാരണത്തിന് താഴെ പറയുന്ന വിവിധ പ്രചാരണ പരിപാടികൾ കൈക്കൊണ്ടിട്ടുണ്ട്.

- പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന പ്രചാരണം.

- മലയാള മനോരമയുമായി സഹകരിച്ച് സംഘടിപ്പിച്ച ഊർജ്ജ സംരക്ഷണ ക്വിസുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ എന്ന കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly